**കേരള സർക്കാർ**

**സംഗ്രഹം**

ധനകാര്യ വകുപ്പ് - മാനസിക/ശാരീരിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് വിദ്യാഭ്യാസ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ധനകാര്യ (പി.യു.സി) വകുപ്പ്**

**സ.ഉ(അച്ചടി) നം. 20/2018/ധന** **തീയതി, തിരുവനന്തപുരം, 11.02.2018.**

---

പരാമർശം: 1. 07/04/1999 - ലെ സ.ഉ.(അച്ചടി)നം. 1272/99/(15)/ധന

2. 20.01.2016 -ലെ സ.ഉ.(അച്ചടി)നം. 7/2016/ധന

3. 18.11.2017-ൽ ശ്രീ.അബൂബക്കർ.പി.എ ബഹു.മുഖ്യമന്ത്രിക്ക് സമർപ്പിച്ച നിവേദനം.

**ഉത്തരവ്**

പരാമർശം രണ്ടിലെ സർക്കാർ ഉത്തരവ് പ്രകാരം ജനറൽ സ്കൂളുകളിലും സ്പെഷ്യൽ സ്കൂളുകളിലും ഹയർസെക്കന്ററിതലം വരെ പഠിക്കുന്ന മാനസിക/ശാരീരിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ സർക്കാർ ജീവനക്കാർക്ക് പരാമർശം ഒന്നിലെ ഉത്തരവിൽ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 600/- രൂപ നിരക്കിൽ വിദ്യാഭ്യാസ അലവൻസ് അനുവദിച്ച് ഉത്തരവായിരുന്നു.

മേൽപ്പടി വിദ്യാഭ്യാസ അലവൻസ് പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും ബാധകമാക്കണമെന്ന് പരാമർശം മൂന്ന് പ്രകാരം ശ്രീ.അബൂബക്കർ.പി.എ അഭ്യർത്ഥിച്ചിരുന്നു. സർക്കാർ പ്രസ്തുത ആവശ്യം വിശദമായി പരിശോധിക്കുകയും പരാമർശം രണ്ട് പ്രകാരം അനുവദിച്ച് ഉത്തരവായിരുന്ന ആനുകൂല്യത്തിനു സമാനമായി ജനറൽ സ്കൂളുകളിലും സ്പെഷ്യൽ സ്കൂളുകളിലും ഹയർസെക്കന്ററിതലം വരെ പഠിക്കുന്ന മാനസിക/ശാരീരിക വൈകല്യമുള്ള കുട്ടികളുടെ രക്ഷിതാക്കളായ, സർക്കാരിന്റെ ശമ്പളഘടന തുടരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് താഴെ പറയുന്ന നിബന്ധനകൾക്ക് വിധേയമായി പ്രതിമാസം 600/- രൂപ നിരക്കിൽ വിദ്യാഭ്യാസ അലവൻസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) പ്രസ്തുത വിദ്യാഭ്യാസ അലവൻസ് വാർഷികാവധി വരുന്ന മാസങ്ങളിലും അനുവദിക്കുന്നതാണ്.

ii) ബന്ധപ്പെട്ട നിയന്ത്രണാധികാരി/ leave sanctioning officer പ്രസ്തുത ആനുകൂല്യം അനുവദിച്ചു കൊണ്ട് ഒരു ഔപചാരിക ഉത്തരവ് പുറപ്പെടുവിക്കേണ്ടതും ആയത് ഓരോ വർഷവും പുതുക്കേണ്ടതുമാണ്.

iii) ഏതെങ്കിലും ഒരു രക്ഷിതാവിനു മാത്രമെ പ്രസ്തുത ആനുകൂല്യത്തിനു അർഹതയുണ്ടായിരിക്കുകയുള്ളൂ.

iv) വൈകല്യം സ്ഥിരീകരിച്ചു കൊണ്ട് അംഗീകൃത മെഡിക്കൽ ഓഫീസറിൽ നിന്നുള്ള

മെഡിക്കൽ സർട്ടിഫിക്കറ്റും സ്കൂൾ മേലധികാരിയുടെ സർട്ടിഫിക്കറ്റും ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത നിരക്കിന് ഈ ഉത്തരവ് തീയതി മുതൽ പ്രാബല്യം ഉണ്ടായിരിക്കുന്നതാണ്.

**(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)**
**ഷർമ്മിള മേരി ജോസഫ്**
**ധനകാര്യ എക്സ്പെൻഡിച്ചർ സെക്രട്ടറി**

പകർപ്പ്-

1. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ& ഇ/ജി & എസ്.എസ്.എ) കേരള, തിരുവനന്തപുരം
2. അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ) കേരള, തിരുവനന്തപുരം
3. പ്ലാനിംഗ് & എക്കണോമിക് അഫയേഴ്സ് (BPE) വകുപ്പ്
4. എല്ലാ പൊതുമേഖലാ സ്ഥാപനങ്ങളുടെയും / ബോർഡുകളുടെയും / കോർപ്പറേഷന്റെയും ചീഫ് എക്സിക്യൂട്ടീവ്സ്.
5. ലേബർ കമ്മീഷണർ, തിരുവനന്തപുരം.
6. എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ/പ്രിൻസിപ്പൽ സെക്രട്ടറിമാർ/ സെക്രട്ടറിമാർ / സ്പെഷ്യൽ സെക്രട്ടറിമാർ/അഡീഷണൽ സെക്രട്ടറിമാർ/ജോയിന്റ് സെക്രട്ടറിമാർ/ഡെപ്യൂട്ടി സെക്രട്ടറിമാർ / അണ്ടർ സെക്രട്ടറിമാർ
7. ഗവർണ്ണറുടെ സെക്രട്ടറി
8. മുഖ്യമന്ത്രിയുടേയും മറ്റു മന്ത്രിമാരുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
9. സ്പീക്കറുടേയും ഡെപ്യൂട്ടി സ്പീക്കറുടേയും പ്രൈവറ്റ് സെക്രട്ടറിമാർ
10. പ്രതിപക്ഷ നേതാവിന്റെ പ്രൈവറ്റ് സെക്രട്ടറി
11. സെക്രട്ടറിയേറ്റിലെ എല്ലാ വകുപ്പുകൾക്കും.
12. പബ്ലിക് റിലേഷൻ ഡയറക്ടർ, തിരുവനന്തപുരം
13. നോഡൽ ഓഫീസർ www.finance.kerala.gov.in
14. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ